9640

# ഭാഷാവികാസം

ഗ്രന്ഥകർത്താ,

എൻ. കുഞ്ഞുരാമൻപിള്ള, എം. എ., ബി. എൽ.

# ഭാഷാവികാസം

SREE KRISHNA VILASOM GRANDHASALA
TRIVANDRUM

9600
5640

പകർപ്പവകാശം ഗ്രന്ഥകർത്താവിന്

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

Jayabharat Printing & Publishing House, Ltd.
Trivandrum.

PRESENTED BY:
SRI M. K. VASUDEVAN NAIR

# ഭാഷാവികാസം

ഇക്കഴിഞ്ഞ ഏതാനും ശതാബ്ദങ്ങൾകൊണ്ടു നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും ഉണ്ടായിട്ടുള്ള വളർച്ച ഏററവും വിസ്മയജനകമാകുന്നു. ജനങ്ങളുടെ വളർച്ചയെ ആശ്രയിച്ചാണു് എപ്പോഴും ഭാഷയുംസാഹിത്യവും വളരുന്നതു്. ജനങ്ങൾക്കു് അഭിവൃദ്ധിയുണ്ടാകുമ്പോൾ ഭാഷയും അഭിവൃദ്ധിപ്പെടും; ജനങ്ങൾക്കു ക്ഷീണം തട്ടുമ്പോൾ ഭാഷയും അധോഗതിയിലാകും. ഇംഗ്ലണ്ടിൽ എലിസബത്തു് രാജ്ഞിയുടെ കാലത്തു ജനങ്ങൾക്കു് അഭൂതപൂർവ്വമായ ഐശ്വര്യമുണ്ടായി; അക്കാലത്തുണ്ടായതുപോലെയുള്ള ഉൽക്കർഷം ഇംഗ്ലീഷ് ഭാഷയ്ക്കു് അതിനുമുമ്പുണ്ടായിട്ടില്ല. അതുപോലെ ഗ്രീസിൽ പെരിക്ലീസിന്റെ കാലത്തും ഭാഷയ്ക്കും ജനങ്ങൾക്കും ഒന്നുപോലെ ശ്രേയസ്സുണ്ടായി. അന്യജനസമുദായങ്ങളുമായി ഇടപെടുമ്പോൾ ആളുകളുടെ ജീവിതത്തിനു മാററം വരുന്നതുപോലെ അന്യഭാഷകളുമായി സംസർഗ്ഗിക്കുമ്പോൾ ഭാഷകൾക്കും മാററം സംഭവിക്കുന്നു. പാശ്ചാത്യപരിഷ്കാരവുമായി ഇടപഴകിയപ്പോൾ ഭാരതീയരുടെ ജീവിതഗതിക്കു് അദ്ഭുതകരമായ മാററം വന്നിരിക്കുന്നു. ഇംഗ്ലീഷ്ഭാഷയുടെ സാഹചര്യം നിമിത്തം ഭാരതീയഭാഷകളും ഒട്ടേറെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇക്കൂട്ടത്തിൽ നമ്മുടെ ഭാഷയ്ക്കുണ്ടായിട്ടുള്ള ഗതിഭേദം ഏതുവിധമാണെന്നു് മുൻകാലങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിക്കയും ഇനി

മേലുള്ള വളർച്ചയ്ക്കുസഹായകമായ ചില സംഗതികറം സൂചിപ്പിക്കയും ചെയ്യാനാണ് ഇവിടെ ഉദ്യമിക്കുന്നതു.

കൊടുന്തമിഴ് പല കാരണങ്ങളാംകൊണ്ടും പ്രത്യേകഭാഷകളായി പരിണമിച്ചകാലത്തും അതിൽ പിന്നീടു വളരെനാളത്തേയ്ക്കും കേരളം പാണ്ഡ്യരാജാക്കന്മാരുടെ അധീനതയിൽ ഇരുന്നിരുന്നു. അക്കാലത്തെ രാജ്യഭരണം പാണ്ഡ്യസമ്പ്രദായത്തിൽ; വിദ്യാഭ്യാസം പാണ്ടിത്തമിഴിൽ, സാഹിത്യപരിശ്രമങ്ങളെല്ലാം ചെന്തമിഴിൻെറ സാഹായ്യത്താൽ; ഈ കാരണത്താൽ ചെന്തമിഴിൻെറ പ്രാബല്യം കേരളഭാഷയിൽ അന്നു വളരെ കൂടുതലായി. അനേകം തമിഴപദങ്ങളും തമിഴ് വ്യാകരണ നിബന്ധനകളും അന്നു മലയാളം സ്വീകരിച്ചു ക്രിയകറംക്കു ലിംഗപുരുഷപ്രത്യയങ്ങറം ചേക്കുന്ന രീതി അക്കാലത്തായിരിക്കണം ഭാഷയിൽ കടന്നുകൂടിയതു്. കർക്കുളം, പൊർച്ചില കാററാളം, കോറേറൻ, അടികടിതുവടി, ഓല്ലാറു്, എന്നിങ്ങനെയുള്ള സന്ധികറം പാണ്ടിത്തമിഴിൽനിന്നുതന്നെ സംക്രമിച്ചതായിരിക്കണം.

ആയ്യന്മാർ കേരളത്തിൽ പ്രവേശിച്ചപ്പോറം ഉണ്ടായ മാററം കൂറെക്കൂടി ശക്തിമത്തായിരുന്നു. ഉജ്ജ്വലത്തായ ആയ്യപരിഷ്ക്കാരം കണ്ടു് കേരളീയർ മോഹിച്ചു പോയിരിക്കണം; അല്ലെങ്കിൽ അതിൻെറ ചിഹ്നങ്ങറം ഇത്ര ബലമായി ഇവിടെ ഉറയ്ക്കുയോ ആയ്യഭാഷയ്ക്കു ഇത്ര പ്രാബല്യം സിദ്ധിക്കുകയോ ചെയ്യുമായിരുന്നില്ല. എന്നു മാത്രമല്ല, മതഗ്രന്ഥങ്ങറം എല്ലാം സംസ്കൃതത്തിലായിരുന്നുകൊണ്ടും

PRESENTED BY:
SRI M. K. VASUDEVAN NAIR

സംസ്കൃതത്തിന്റെ സാഹായ്യം കൂടിയേതീരൂ എന്നായി. അക്കാലത്തു വിദ്യാഭ്യാസവും സംസ്കൃതത്തിലായിത്തീൎന്നു. മീമാംസാമതശാഖാസ്ഥാപകനായ പ്രഭാകരഗുരുക്കൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു് പ്രതിഫലംകൂടാതെ ബ്രാഹ്മണബാലന്മാൎക്ക് അന്നവസ്ത്രാദികൾ കൊടുത്തു താമസിപ്പിച്ചു വിദ്യാദാനം ചെയ്തു. അതു് സംസ്കൃതത്തിലായിരുന്നു. അതിനെ അനുകരിച്ചു് മററു നാട്ടുപള്ളിക്കൂടങ്ങളും സംസ്കൃതത്തിൽതന്നെ പഠിത്തം നടത്തി. ഇതിന്റെ ഒക്കെ ഫലമായി സംസ്കൃതശബ്ദങ്ങൾ തദ്ഭവങ്ങളായി ഭാഷയിലേക്കു പ്രവേശിച്ചു. കുറെ കഴിഞ്ഞപ്പോൾ തദ്ഭവങ്ങൾ പോരാ എന്നുതോന്നി സംസ്കൃതശബ്ദങ്ങൾ അപ്പാടെ സ്വീകരിച്ചു. അങ്ങനെ സ്വീകരിക്കുന്നതിനു അക്ഷരമാല മതിയാകാതെ വന്നപ്പോൾ അക്ഷരങ്ങളും പുതുതായിട്ടെടുത്തു. ഇങ്ങനെ മലയാളത്തിന്റെ സ്വഭാവം ആകെ ഒന്നു മാറി. കൂട്ടക്ഷരങ്ങൾ ഉച്ചരിക്കാൻ കഴിയാതെ 'കൃഷ്ണൻ' എന്നതിനു 'കിട്ടൻ' എന്നും ഗോവിന്ദൻ എന്നതിനു 'കോന്തൻ' എന്നും പറഞ്ഞുവന്നിരുന്ന മലയാളിയുടെ ആവക വിഷമങ്ങളെല്ലാം നീങ്ങിക്കിട്ടി. ചെന്തമിഴിൽനിന്നു് വളരെ അകലുകയും മണിപ്രവാളം എന്ന മിശ്രഭാഷ ഉണ്ടാവുകയും ചെയ്തു. വിഭക്ത്യന്തപദങ്ങളും പ്രയോഗങ്ങളും ശൈലികളും സാഹിത്യപ്രസ്ഥാനങ്ങളും വൃത്താലങ്കാരാദികളും എന്നുവേണ്ടാ വ്യാകരണനിയമങ്ങൾപോലും സംസ്കൃതത്തിൽനിന്നു എടുക്കാൻ മടിച്ചിരുന്നില്ല.

ഇപ്രകാരം ഏകദേശം പത്തുശതാബ്ദകാലത്തോളം

സംസ്കൃതത്തിന്റെ സാഹായ്യവും സ്വാധീനശക്തിയും ലഭിച്ച് കേരളഭാഷ വളൎന്നു. ഗ്രന്ഥസമ്പത്തു വളരെ ഉണ്ടായി. ഭാഷയുടെ ശക്യതകളും വൎദ്ധിച്ചു.

ഇതിന്നിടയ്ക്കു ക്രിസ്ത്യാനികൾ കേരളത്തിൽ വന്നു കൂടി. ക്രമേണ അവരുടെ ശക്തി വൎദ്ധിച്ചുവന്നു എങ്കിലും അവരുടെ പരിഷ്കാരം കേരളീയരുടെ ജീവിതരീതിയെയോ ഭാഷയെയോ ഭേദപ്പെടുത്തിയില്ല. അതിന്റെ കാരണം അവരും ഇവിടത്തെ ഹിന്ദുക്കളുംതമ്മിൽ പരസ്പരസംസൎഗ്ഗം വളരെ കുറഞ്ഞിരുന്നതായിരിക്കണം. വ്യാപാരികളായ അറബികളും ഡച്ചുകാരും പോൎത്തുഗീസുകാരും പിന്നീട് ഓരോകാലങ്ങളിലായി വന്നു. അവരിൽനിന്നു പല പുതിയ പദങ്ങളും അന്നു ഭാഷയ്ക്കു ലഭിച്ചു. കത്ത്, കപ്പി, പിഞ്ഞാൺ, പീരങ്കി, കസേര, ചുവക്കം ചാവിടി, മുതലായ അനേകംപദങ്ങൾ അന്നത്തെ സമ്പാദ്യങ്ങളാണ്. കുറെക്കഴിഞ്ഞു മഹമ്മദീയശക്തി തെക്കെ ഇൻഡ്യയിൽ ഉറച്ച് കേരളത്തിൽ വ്യാപിക്കയും മഹമ്മദീയരീതിയിൽ ഭരണം നടത്തിത്തുടങ്ങുകയും ചെയ്തകാലത്ത് ഭരണസംബന്ധമായും മററും അനവധി പദങ്ങളും പ്രയോഗങ്ങളും മലയാളികൾ സ്വീകരിച്ചു. താലൂക്ക്, തഹശീൽ, ഖജനാ, ഖരാർ, എന്നുതുടങ്ങി ഉദാഹരണം വളരെ പറയാനുണ്ടാവും.

എന്നാൽ ഇപ്പോൾ ഇംഗ്ലീഷിന്റെ പ്രചാരത്തിന്നു ശേഷം ഭാഷയിൽ ഉണ്ടാകുന്ന മാററങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇതിന്നുമുമ്പുണ്ടായിട്ടുള്ളവയെല്ലാം എത്രയോ തുച്ഛങ്ങളാണ്. മുൻകാലങ്ങളിൽ അന്യജന

സമൂഹങ്ങൾ കേരളത്തിലേയ്ക്കുവന്നു; ഇപ്പോൾ കേരളീയർ പുറത്തേക്കു പോകയും ചെയ്യുന്നു. വിദ്യാഭ്യാസത്തിനു അന്യദേശങ്ങളിൽ പോകുന്നതു കൂടാതെ ജീവികാമാർഗ്ഗങ്ങളന്വേഷിച്ച് കേരളീയർ സിലോൺ, മലയാ സിംഗപ്പുരം പേർഷ്യ, മെസാപൊട്ടേമിയ, കിഴക്കേ ആഫ്രിക്കാ എന്നിങ്ങനെയുള്ള സ്ഥലങ്ങളിൽപോയി കുടിപാർത്തുവരുന്നുണ്ട്. അവിടങ്ങളിലെ ഭാഷയും സംസ്കാരവും അങ്ങനെ പോകുന്നവരുടെ ഭാഷയെ ബാധിക്കാതിരിക്കാൻ തരമില്ല.

നാം വിദേശങ്ങളിലേക്കു പോകുന്നതിനേക്കാൾ കൂടുതലായി വിദേശീയർ കേരളത്തിലേക്കു വരുന്നുണ്ട്. കൃഷിക്കും വ്യാപാരത്തിനും മതപ്രചരണത്തിനും രാജ്യകാര്യങ്ങൾക്കും മററുമായി അന്യനാട്ടുകാർ പലരും വന്നുപോകയും സ്ഥിരമായി താമസിക്കയും ചെയ്യുന്നുണ്ട്. ഇക്കഴിഞ്ഞ സെൻസസ് റിപ്പോർട്ടിലെ കണക്കനുസരിച്ചു മലയാളവും തമിഴും കൂടാതെ തിരുവിതാംകൂറിൽ ഇരുപത്തിയേഴു ഭാഷകൾ സംസാരിച്ചുവരുന്നുണ്ട് എന്നുകാണുന്നു. ഇതിൽ രണ്ടുമൂന്നു ഭാഷകളെങ്കിലും കേരളഭാഷയെ സ്പർശിക്കാതെയിരിക്കയില്ല. പാശ്ചാത്യരുമായുള്ള സംസർഗ്ഗം പാശ്ചാത്യസംസ്കാരത്തെ അടുപ്പിക്കയും ദൃഢമാക്കയും ചെയ്തിരിക്കുന്നു. പാശ്ചാത്യസംസ്കാരം നിമിത്തം കേരളഭാഷയ്ക്കു ഒരു പുതിയലോകം കൈവന്നിരിക്കുന്നു. ജനങ്ങളുടെ ജീവിതരീതികളും ജീവിതോപകരണങ്ങളും ജീവികാസരണികളും എല്ലാം നവീനമായിരിക്കുന്നു. ജീവിതത്തെപ്പററിയുള്ള വീക്ഷണസ്ഥാനം തന്നെ മാറിയിരിക്കുന്നു. കമ്പിത്തപാലും, ക

നാഴികയില്ലാക്കമ്പിയും, വിദ്യുച്ഛക്തിയുടെ പലവിധമായ പ്രകാശനങ്ങളും ജീവിതത്തിന്റെ അഭേദ്യാംശങ്ങളായിരിക്കുന്നു. സ്ഥലത്തും ജലത്തിലും ആകാശത്തുമുള്ള പലവിധ വാഹനങ്ങളും ആധുനികപരിഷ്ക്കാരത്തിന്റെ പ്രധാന ഘടകങ്ങളായും തീർന്നിട്ടുണ്ട്. പല പുതിയ വസ്തുക്കളെ സംബന്ധിച്ചുള്ള അറിവ് ജനസാമാന്യത്തിനു ലഭിച്ചുതുടങ്ങിയിരിക്കുന്നതിനാൽ ചിന്താഗതിക്കുതന്നെ വലിയ മാററംവന്നിരിക്കുന്നു; അതിനാൽ വ്യവഹാരവിധങ്ങളും മാറിയിരിക്കുന്നു. സമയത്തെപ്പററി പറയുമ്പോൾ നാഴികയും വിനാഴികയും വിട്ടു മണിക്കൂറും മിനിട്ടും ആയിരിക്കുന്നു; ദൂരത്തിന് മൈലും ഫർലാങ്ങും അല്ലാതെ കാതവും നാഴികയും ചുരുങ്ങിയിരിക്കുന്നു. അളവിന് അംഗുലത്തിനു പകരം ഇഞ്ചും തൂടത്തിനുപകരം ഔൺസും സ്ഥാനംപിടിച്ചു. തൂക്കത്തിന് പലത്തിനു പകരം റാത്തലും ആയി. ഇങ്ങനെ ജീവിതത്തിന്റെ എല്ലാ മുഖങ്ങളിലും എല്ലാ ശാഖകളിലും നൂതനപരിഷ്ക്കാരം പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു.

ഈ പരിഷ്ക്കാരപ്രവാഹത്തിന്റെ തിരത്തല്ലലുകൾ ഭാഷാസാഹിത്യത്തിന്റെ പ്രാന്തപ്രദേശങ്ങളിലും ഉണ്ടാകുന്നുണ്ട്. പാശ്ചാത്യസാഹിത്യമാതൃകകൾ നമ്മുടെ സാഹിത്യകാരന്മാർ അവലംബിച്ചുവരുന്നു. ഖണ്ഡകാവ്യങ്ങളും ചെറുകഥകളും പ്രഹസനങ്ങളുമാണ് ഇപ്പോഴത്തെ സാഹിത്യഗ്രന്ഥങ്ങൾ. ശാസ്ത്രഗ്രന്ഥങ്ങളും ഉണ്ടാകണമെന്നു എല്ലാവർക്കും ആഗ്രഹം തീക്ഷ്ണമായിട്ടുണ്ട്.

## II

ഇപ്രകാരമെല്ലാം ജീവിതം നാനാമുഖമായി വികസിച്ചതിന്നു് അനുക്രമമായി ഭാഷയും വികസിക്കേണ്ടിയിരിക്കുന്നു. ജീവിതത്തിനൊപ്പം ഭാഷ വളൎന്നില്ലെങ്കിൽ ഉപയോഗമില്ലെന്നുകണ്ടു് അതിനെ തള്ളിക്കളയും, ശക്തിയോടെ പാഞ്ഞുകയറുന്ന നൂതനാശയപ്രവാഹത്തിനു ശരിയായ ചാലുകൾ വെട്ടിവച്ചുകൊടുത്തില്ലെങ്കിൽ അതു ഒത്ത വഴിക്കു പോകയും ചെയ്യും. ഇതിനു രണ്ടിനും ഇടവരാതെ കാലാനുസാരം ഭാഷയെ വികസിപ്പിക്കേണ്ടിയിരിക്കുന്നു.

ഭാഷാവികാസത്തിൽ പ്രധാനമായി ശ്രദ്ധിക്കേണ്ടതു് നൂതനശബ്ദങ്ങളെപ്പററിയാണു്. പുതിയ ആശയങ്ങൾക്കു പുതിയ വാക്കുകളും വേണം. അവയെ സൃഷ്ടിക്കേണ്ടതിനെപ്പററി പണ്ഡിതന്മാരുടെ ഇടയിൽ ഉള്ള അഭിപ്രായഭേദങ്ങൾ ഇനിയും നിലച്ചിട്ടില്ല. ഈ വിഷയത്തെക്കുറിച്ചു ഖണ്ഡിതമായ വ്യവസ്ഥകൾ ചെയ്വാൻ ആക്കും സാധിക്കുന്നതല്ല; പലപ്പോഴും യുക്തതയാണു ഗണിക്കാനുള്ളതു്. ഭാഷയുടെ ആത്മാവു് എവിടെ സ്ഥിതിചെയ്യുന്നു എന്നും ഇതുവരെയുള്ള വളൎച്ചയുടെ വഴി ഏതായിരുന്നു എന്നും മുൻകാലത്തു നൂതനശബ്ദസൃഷ്ടി ചെയ്യേണ്ടിവന്നപ്പോൾ നമ്മുടെ പൂൎവികന്മാർ അതു എങ്ങനെ സാധിച്ചിരുന്നു എന്നും മുഖ്യമായി ആലോചിക്കേണ്ടതാണു്. ഇംഗ്ലീഷു മുതലായ അന്യജീവൽഭാഷകളിൽ നൂതനശബ്ദങ്ങൾ ഉണ്ടായിവരുന്ന രീതി എന്തു് എന്നും നോക്കാവുന്നതാണു്. ഈവക സംഗതികൾ എ

ല്ലാം ചേർത്തുവെച്ചു ചിന്തിക്കുമ്പോൾ സംസ്കൃതസാഹായ്യത്താലാണ് നവീനശബ്ദങ്ങൾ ഉണ്ടാകേണ്ടതെന്നുള്ള അഭിപ്രായം സാർവ്വത്രികമായി സ്വീകരിക്കാൻ വിഷമമുണ്ടാകും. പലപ്പോഴും ശരിയായ സംസ്കൃതപദം നിർമ്മിക്കാൻ പ്രയാസം; നിർമ്മിച്ചാൽത്തന്നെയും ആളുകൾ അതു സ്വീകരിക്കുമോ എന്നു സംശയം. പലവിധത്തിലുള്ള അനേകം പദങ്ങൾ ഇപ്പോൾ ഭാഷയിൽ ഉപയോഗിച്ച് ഉറച്ചുകഴിഞ്ഞിരിക്കുന്നു. ഭരണസംബന്ധമായും പ്രത്യേകിച്ച് നീതിന്യായക്കോടതി സംബന്ധിച്ചും ഉള്ള പദങ്ങൾ ഒരുവക, പാശ്ചാത്യവൈദ്യശാസ്ത്രവും ശില്പശാസ്ത്രവും സംബന്ധിച്ചുള്ള പദങ്ങൾ മറെറാരുവക. ചിത്രമെഴുത്തു, പടമെടുപ്പു, സിനിമാ, മുതലായവസംബന്ധിച്ച പിന്നൊരുവക മോട്ടാർ, വിദ്യുച്ഛക്തി, പുതിയ വ്യവസായങ്ങൾ, വ്യവസായസാധനങ്ങൾ, വാണിജ്യം മുതലായവ സംബന്ധിച്ച മറേറാരോസംഘം പദങ്ങൾ. ഇവയെല്ലാക്കെ പകരം സംസ്കൃതപദങ്ങൾ എത്ര കുശലമായി നിർമ്മിച്ചുകൊടുത്താലും ആളുകൾ സ്വീകരിക്കയില്ലെന്നു തീർച്ചതന്നെ. എന്നു മാത്രമല്ല, ഇംഗ്ലീഷിൽനിന്നെടുക്കുന്ന പുതിയ വാക്കിനു പകരം സംസ്കൃതസാഹായ്യത്താൽ സൃഷ്ടിക്കുന്ന പുതിയ വാക്കു കൊടുത്താൽ ഇംഗ്ലീഷും സംസ്കൃതവും അറിയാൻ പാടില്ലാത്ത മലയാളിക്കു ഒന്നുപോലെതന്നെ. സംസ്കൃതത്തിൻെറ അറിവു കുറഞ്ഞുവരുന്ന ഇക്കാലത്തു് ഇംഗ്ലീഷറിയാവുന്ന മലയാളിക്കു നിശ്ചയമായും ഇംഗ്ലീഷ്പദംതന്നെ ഇഷ്ടമാകയും ചെയ്യും. അതിനാൽ ഇംഗ്ലീഷിൽനിന്നോ മററു ഭാഷക

ളിൽനിന്നോ പദങ്ങൾ നേരിട്ടെടുക്കുന്നതുതന്നെ ആയിരിക്കും എളുപ്പവും ഉത്തമവും. ഭാഷ എന്നതു് ആശയങ്ങളുടെ വസ്ത്രമാണെങ്കിൽ, ജീവിതത്തിൽ നാം കാലാനുസാരം ചെയ്യുന്ന വസ്ത്രധാരണത്തിന്റെ രീതിയിൽ കൈക്കൊണ്ടിരിക്കുന്ന തത്വംതന്നെ ആശയാവിഷ്കരണത്തിലും സ്വീകരിച്ചാൽ മതിയാകും. കട്ടിയും കവിണിയും ഉടുക്കുന്ന മലയാളിക്കു് ഇക്കാലത്തു മാന്യതയ്ക്കു ഷർട്ടും കോട്ടും കൂടെ വേണമെന്നായിരിക്കുന്നു. എന്നാൽ കാൽശരായിയും ഫാറവും കൂടെ ധരിക്കുന്നതു് ആവശ്യമില്ലാത്തതുമാകുന്നു; അന്യഭാഷകളിൽ നിന്നെടുക്കുന്ന പദങ്ങൾക്കു മലയാളച്ഛായകൊടുത്തു മററു ഭാഷാപദങ്ങളുമായി ഇണങ്ങിച്ചേരത്തക്കവണ്ണം പ്രയോഗിക്കണമെന്നു മാത്രമേ നിർബന്ധിക്കാവൂ. പൊല്ലീസ് (Police) എന്നായാൽ ഇംഗ്ലീഷ്; പോലീസ് എന്നായാൽ മലയാളവും. റെക്കർഡ് (Record) എന്നതിനെ മലയാളി റിക്കാർട്ടാക്കിയിരിക്കുന്നു. സേർകിററ് (Circuit) എന്നതിനു സക്കീട്ടു് എന്നായാൽ ഒട്ടും പോരായ്കയില്ല. ഈ പദങ്ങൾക്കു തർജ്ജമയായി വേറെ എത്ര നല്ല പദങ്ങൾ വെച്ചാലും ഉദ്ദേശിക്കുന്ന എല്ലാ അർത്ഥങ്ങളും ശക്തിയും കിട്ടി എന്നു വരുന്നതല്ല അതുകൊണ്ടുതന്നെ ആയിരിക്കണം ആളുകൾ ഇവയെ സ്വീകരിച്ചിട്ടുള്ളതും.

ഈ രീതിതന്നെയാണു് മററു ഭാരതീയഭാഷകളും അംഗീകരിച്ചുകാണുന്നതു്. ജീവൽഭാഷകളിൽ ബംഗളി, മറാട്ടി, ഗുജറാത്തി, തെലുങ്കു് എന്നീഭാഷകൾപോലെ ഇന്നു് ഇൻഡ്യയിൽ മറെറാരു ഭാഷയും ഉൽക്കർഷം പ്രാപിച്ചിട്ടില്ല. ആ ഭാഷകളിൽ അന്യഭാഷാപദങ്ങളെ

അപ്പാടെ സ്വീകരിച്ചു് അതതു ഭാഷകൾക്കു യോജിപ്പിക്കയാണു് ചെയ്യുന്നതു്. ഒരു ഉദാഹരണം പറയാം. 'നേഷൻ' 'നാഷനൽ' (Nation, National) എന്ന വാക്കുകൾക്കു രാഷ്ട്രം, രാഷ്ട്രീയം, ദേശീയം എന്നെല്ലാം നാം ഇപ്പോൾ ഉപയോഗിച്ചുവരുന്നു. 'നേഷൻ' എന്നുതന്നെ ബംഗാളിയിൽ എടുത്തിരിക്കുന്നു. ഇതുപോലെ അനേകം പദങ്ങൾ മറ്റുള്ള ഭാഷകളിലെല്ലാം എടുത്തിട്ടുണ്ടു്. വളരുന്നജനതയും വളരുന്നഭാഷയും എല്ലായ്പോഴും ഇങ്ങനെതന്നെ ചെയ്യും. ഇംഗ്ലീഷുഭാഷയിലെ ഇപ്പോഴത്തെ ശബ്ദാവലിനോക്കുക. അറബി, പെർഷ്യൻ, ഹിന്ദി, ബംഗാളി ബർമ്മീസ്, സിങ്കാളി, ചൈനീസ്, ജപ്പാൻ എന്നുവേണ്ട ഇംഗ്ലീഷ് ജനത ഏതേതു ജനസമുദായങ്ങളുമായി ഇടപെട്ടുവരുന്നോ അവരവരുടെ ഭാഷകളിൽ നിന്നെല്ലാം പദങ്ങളെ സ്വീകരിച്ചു് സ്വഭാഷയെ പുഷ്ടിപ്പെടുത്തിയിരിക്കുന്നു. സംസ്കൃതവും ഒരു കാലത്തു ഇപ്രകാരം ചെയ്തിരുന്നു എന്നുള്ളതിനു് അനേകം ഉദാഹരണങ്ങൾ ഉണ്ടു്. ഹേലി, ഹോരാ, താവുരി:, ലേയ:, കൗർപ്യ:; എന്നിത്യാദി ജ്യോതിശ്ശാസ്ത്രപദങ്ങൾ പലതും ആ വിഷയത്തിൽ അക്കാലത്തു അഗ്രസരന്മാരായിരുന്ന യവനന്മാരുടെ ഭാഷയിൽനിന്നു അപ്പാടെ സ്വീകരിച്ചിരിക്കുന്നു. 'മീനം, നീരം, ആളി, കടീരം എന്നിങ്ങനെ ദ്രാവിഡഭാഷകളിൽനിന്നും അനവധി വാക്കുകൾ സ്വീകരിച്ചിട്ടുള്ളതായി വിചാരിക്കണം. പൂർവ്വകേരളീയരും അന്യഭാഷാപദങ്ങൾ എടുത്തിരുന്നു എന്നുള്ളതിനു ഉദാഹരണങ്ങൾ മുമ്പു കാണിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ

നേക്കുമ്പോൾ നൂതനശബ്ദസൃഷ്ടിക്കു സുഗമവും ഫലപ്രദവുമായ മാർഗ്ഗം തത്സമങ്ങളായി പദങ്ങളെടുക്കുകയാണെന്നു സ്പഷ്ടമായി.

എന്നാൽ ഇതിനു ചില പരിമിതികൾ ഉണ്ടെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. ഒരു പദം സ്വീകരിച്ചാൽ അതിന്റെ ജന്യങ്ങളായ പദങ്ങളും ഉണ്ടായില്ലെങ്കിൽ ഭാഷാപ്രയോഗത്തിനു ലാഘവവും സ്വാതന്ത്ര്യവും ശക്തിയും ഓജസ്സും സിദ്ധിക്കയില്ല. നാമമാണെങ്കിൽ അതിന്റെ ക്രിയാരൂപവും ഭേദകരൂപവും മറ്റെല്ലാ രൂപങ്ങളും ഉണ്ടാകണം; മറിച്ച് ക്രിയയാണെങ്കിൽ നാമവും മററു രൂപങ്ങളും വേണ്ടിയിരിക്കുന്നു. എല്ലാ രൂപങ്ങളും ഇല്ലെങ്കിൽ വാക്യത്തിൽ ചേർച്ചപോലെ പ്രയോഗിക്കാൻ നിവൃത്തിയില്ലാതെ ആവുകയും മനസ്സിൽ തോന്നുന്നവിധത്തിൽ തന്നെ ആശയങ്ങളെ പ്രകാശിപ്പിക്കാൻ സാധിക്കാതെ വരികയും ചെയ്യും. ഉദാഹരണത്താൽ വിവക്ഷ വ്യക്തമാക്കാം. മുൻപറഞ്ഞ നേഷൻ എന്ന വാക്കു നാം എടുത്തു എന്നുവയ്ക്കുക. എന്നാൽ National Nationality, Nationalism, Nationalise, Nationalisation, Nationalistic, Nationalist, Nationally, International എന്നിങ്ങനെ അതിൽനിന്നുണ്ടായിട്ടുള്ള പദങ്ങൾ നിർമ്മിക്കാൻ നാം എന്തുചെയ്യും? ഈ പദങ്ങളും നേരിട്ടെടുക്കാമെന്നുവച്ചാൽ മലയാളം മലയാളമല്ലാതായിത്തീരും. ജന്യപദനിർമ്മാണത്തിനു ആകരഭാഷകൾക്കൊപ്പം ശക്തി ദേശഭാഷകൾക്കൊരിടത്തും കാണുന്നില്ല. ലാററിനിൽനിന്നും ഗ്രീക്കിൽനിന്നും എടുത്തിട്ടുള്ള പദങ്ങളെപ്പോലെ തന്നെ

ആംഗലപദങ്ങളിൽനിന്നു ജന്യപദങ്ങൾ ഉണ്ടാകുന്നില്ല. എങ്കിലും വളർച്ചകൂടിയ ഇംഗ്ലീഷ് പോലെയുള്ള ഭാഷകൾ താരതമ്യേന കൂടുതൽ തൻറേടം കാണുന്നുണ്ട്. 'Dog' എന്ന പദം ഒരുരൂപത്തിൽ നാമമായും ക്രിയയായും ഉപയോഗിക്കുന്നു. ഇതിനുപുറമെ Doggish, Doggy, Dogginess, Dogged, Doggedly, Doggedness എന്നിങ്ങനെയുള്ള ജന്യപദങ്ങളും, Dog-cart, Dog-fish, Dog-legged, Dog-watch, Dog-whip, എന്നു തുടങ്ങിയുള്ള സംയുക്തപദങ്ങളും go to the dogs, dog in the manager, love me, love my dog, let sleeping dogs lie, rains cats and dogs എന്നേവമാദിയായുള്ള ശൈലികളും പ്രയോഗങ്ങളും വളരെ സാധാരണമാണ്. ഈ വിഷയത്തിൽ മലയാളത്തിനുള്ളപോലെ ശക്തിക്കുറവു മറേറതെങ്കിലും ഭാഷയ്ക്കുണ്ടോ എന്നു സംശയമാണ്. ഭാഷയെക്കുറിച്ചു സ്നേഹവും അഭിമാനവും വളരെയുണ്ടെങ്കിലും അതിൻെറ കുറവുകളെയും പരിമിതികളെയും നാം അറിഞ്ഞിരിക്കണം; സമ്മതിക്കയും വേണം. സ്വന്തഭാഷാപദങ്ങളും സംസ്കൃതത്തിൽനിന്നു് എടുത്തു സ്വന്തമാക്കിട്ടുള്ള പദങ്ങളും എല്ലാരൂപത്തിലും നാം പ്രയോഗിക്കാറില്ല. സന്തോഷം എന്ന വാക്കു ക്രിയയാക്കി സന്തോഷിക്കുന്നു എന്നു പറയാറുണ്ടെങ്കിലും സങ്കടം എന്നതിനെ സങ്കടിക്കുന്നു എന്നു ക്രിയയാക്കുകയില്ല. ഔചിത്യദീക്ഷ മാത്രമല്ല ഇക്കാര്യത്തിലുള്ളതു്. അലസതയും അശ്രദ്ധയും ആണ് പ്രധാനകാരണം. അല്ലെങ്കിൽ സന്തപിക്കുന്നു, സന്താപിക്കുന്നു എന്നു ഏതെങ്കിലുംവിധത്തിൽ പ്രയോഗിക്കാവുന്നതാണ്. അതുപോലെ സമാധാനിക്കുന്നു, ആശ്ചര്യ

PRESENTED BY:
SRI M. K. VASUDEVAN NAIR



... VEEDU
... INKIL

ക്കുന്നു, സംസൎഗ്ഗിക്കുന്നു എന്നെല്ലാം പ്രയോഗിക്കേണ്ടുതാണു്, ചൎച്ചചെയ്യുന്നു എന്നല്ലാതെ ചൎച്ചിക്കുന്നു എന്നു പാടില്ലത്രെ. ഇംഗ്ലീഷിൽ സംജ്ഞാനാമങ്ങളെപ്പോലും എല്ലാരൂപത്തിലും പ്രയോഗിക്കാൻ മടിയില്ല. മക് ആഡം (Mac Adam) എന്നു ഒരുവൻ വഴിനന്നാക്കുന്ന ഒരു രീതി കണ്ടുപിടിച്ചു; ആ രീതിയിൽ വഴിനന്നാക്കുന്നതിനു macadamise എന്നുപറയുന്നതിൽ, ഇംഗ്ലീഷുകാൎക്കു ഒരു അസ്വാരസ്യവും തോന്നാറില്ല. അതുപോലെ Marconigram, Marconiphone എന്നിങ്ങനെയുള്ള പദങ്ങളും ഉണ്ടായി. Marx, Lenin, എന്ന സംജ്ഞകളിൽ നിന്നല്ലേ Marxism Leninism, എന്ന പദങ്ങൾ ഉണ്ടായിട്ടുള്ളതു്? Gandhism എന്നും Gandhites എന്നും ഇംഗ്ലീഷിൽ പ്രയോഗിക്കാമെങ്കിലും ഗാന്ധിത്വം എന്നോ ഗാന്ധിയന്മാർ എന്നോ മലയാളത്തിൽ പ്രയോഗിച്ചാൽ ആക്ഷേപിക്കും.

9. 640

ശബ്ദവ്യുൽപാദനത്തിനു സംസ്കൃതത്തിനുള്ള ശക്തിയും സൗകൎയ്യവും അസാധാരണമാണു്. ഒരേ ധാതുവിനു സാമാന്യമായുള്ള പത്തു ലകാരത്തിനും പുറമെ ണിജന്തം, സന്നന്തം, യങന്തം, യങ്ലുഗന്തം, വിവിധവിഭാഗങ്ങളുള്ള കൃത്തുകൾ, അവസാനമില്ലാത്ത തദ്ധിതങ്ങൾ എന്നിവയുടെയെല്ലാം പ്രത്യയങ്ങൾ ചേൎത്തു് എത്രഎത്ര പദങ്ങളാണുണ്ടാക്കാവുന്നതു് എന്നു നിൎണ്ണയിക്കാൻ പ്രയാസം. ഉപസൎഗ്ഗങ്ങൾചേൎത്തു ധാതുക്കളെ വൎദ്ധിപ്പിക്കാവുന്ന വിധത്തിനും കണക്കില്ല. കുസുമം, കുസുമായതേ എന്നു്, എത്ര ലഘുവായും ഭംഗിയായും ശബ്ദാന്തരങ്ങൾ വ്യുൽപാദിപ്പിക്കുന്നു. മലയാളത്തിലാകട്ടെ, കല്പി

ക്കുന്നു, മരവിക്കുന്നു എന്നു പറയാറുണ്ടെങ്കിലും പൂപോലെയാകുന്നു എന്നതിനു പൂവിക്കുന്നു എന്നോ മററോ പറയാൻ മടിക്കും. ഒരേ ശബ്ദത്തെ സംബന്ധിച്ച എല്ലതത്ഥവും എല്ലാവിധത്തിൽ പ്രകാശിപ്പിക്കാനും സംസ്കൃതത്തിനു കഴിയും. ഇക്കാൎയ്യത്തിൽ മലയാളത്തിന്റെ ശക്യതകൾ എത്രയും ക്ഌപ്തങ്ങളാണു്. സംസ്കൃതത്തിന്റെ സാഹചൎയ്യം ഇത്രയും കാലമുണ്ടായിരുന്നിട്ടും ഭാഷയ്ക്കു ഈ ശക്തി ഇതുവരെ സിദ്ധിച്ചില്ലല്ലോ! കേരളീയരുടെ ഭാഷാപ്രണയം! തന്റേടവും മനോധൎമ്മവും ഉള്ള പണ്ഡിതന്മാർ ഭാഷയെ ആദരിക്കയും ഉപയോഗിക്കയും ചെയ്തിരുന്നെങ്കിൽ എത്രവേഗം അഭിവൃദ്ധിയുണ്ടാകുമായിരുന്നു!

അതു നില്ക്കട്ടെ. നൂതനശബ്ദനിൎമ്മാണത്തിൽ ശബ്ദാന്തരങ്ങളെ വ്യുൽപാദിപ്പിക്കുന്നതിനു സംസ്കൃതത്തിന്റെ സാഹായ്യം അത്യന്താപേക്ഷിതമാകുന്നു. അതിനാൽ ഇംഗ്ല്യഷിൽനിന്നോ മററു വിദേശീയഭാഷകളിൽനിന്നോ തത്സമങ്ങളായി പദങ്ങളെടുക്കുമ്പോൾ ജന്യപദം സൃഷ്ടിക്കുന്നതെങ്ങനെ എന്നുള്ളതുകൂടെ ഓൎമ്മവെയ്ക്കാനുള്ളതാകുന്നു. Motor, എന്നതിനെ മോട്ടാർ ആയിട്ടെടുക്കുമ്പോൾ Motory, Motorial, Motorist, എന്നിവയ്ക്കുള്ള വാക്കുകളെപ്പററിയും ചിന്തിക്കേണ്ടതാണു്. ഈവിധം നോക്കുമ്പോൾ, സംജ്ഞകളും സാങ്കേതിക ശബ്ദങ്ങളും സാമാന്യനാമങ്ങളിൽ ഏതാനുംഭാഗവും മാത്രമേ നേരിട്ടെടുക്കാവൂ എന്നും സാമാന്യനാമങ്ങളിൽ ഒട്ടധികംഭാഗവും ക്രിയകൾ മുഴുവനും സംസ്കൃതത്തിൽനിന്നു എടുക്കയോ സംസ്കൃതസാഹായ്യത്താൽ നിൎമ്മിക്കയോ ചെയ്യാനുള്ളതാണു് എന്നും ബോധ്യമാകുന്നതാണു്.

## III

നൂതനശബ്ദനിർമ്മാണത്തെക്കുറിച്ചു കൂടുതൽ പ്രതിപാദിക്കുന്നതിനു മുമ്പായി ഭാഷയിൽ സ്വീകരിക്കേണ്ട ചില നൂതനവർണ്ണങ്ങളെപ്പററി പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ഇതിനെക്കുറിച്ചു വളരെ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായേയ്ക്കാം; എങ്കിലും ഭാഷാഭിമാനികളുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്കു ആകർഷിക്കയും അവരുടെ അഭിപ്രായങ്ങൾ അറികയും ചെയ്യേണ്ടതു ആവശ്യമായിരിക്കുന്നതിനാൽ ഏതാനും ചില സംഗതികൾ പ്രസ്താവിച്ചുകൊള്ളുന്നു. ഇവിടെ പുറപ്പെടുവിക്കുന്ന അഭിപ്രായം മാത്രമാണു് സ്വീകാര്യം എന്നുള്ള വിശ്വാസത്തിന്മേൽ പറയുന്നതല്ല; ഇതിനെക്കാൾ യുക്തതരമായ അഭിപ്രായം കാണുന്നപക്ഷം അതിനെ ആദ്യമായി കൈക്കൊള്ളുന്നതു ലേഖകനായിരിക്കും.

9600

കഴിഞ്ഞ ഖണ്ഡത്തിൽ പറഞ്ഞതുപോലെ, ഭാഷാവികാസത്തിനു് ഇംഗ്ലീഷു മുതലായ ഭാഷകളിൽനിന്നു് തത്സമങ്ങളായി പദങ്ങൾ എടുക്കാൻ നിശ്ചയിച്ചാൽ (ചിലേടത്തെങ്കിലും അങ്ങനെ നിശ്ചയിക്കാതെ നിവൃത്തിയില്ല) ആ പദങ്ങളെ ശരിയായി ഉച്ചരിക്കേണ്ട ആവശ്യം വന്നുകൂടുന്നു; എന്തെന്നാൽ ഉച്ചാരണം ശബ്ദസ്വരൂപത്തിന്റെ ഒരു പ്രധാനഭാഗമാകുന്നു. ഉച്ചാരണമാണു് ഒരു ഭാഷയ്ക്കു അതിന്റെ പ്രത്യേകത കൊടുക്കുന്നതു്. ദേശഭേദങ്ങൾ ജനിപ്പിക്കുന്നതും തലമുറതോറും ഭാഷാഭേദം വരുത്തുന്നതും പ്രധാനമായി ഉച്ചാരണമാണു്, ദേശംതോറും ഗ്രാമം

തോറും എന്നുവേണ്ടാ ആൾതോറും ഉച്ചാരണം മാറുന്നു.
കേൾക്കുന്നതിലും വിചാരിക്കുന്നതിലും സംസാരിക്കുന്നതി
ലും ഓരോരുത്തരും അറിഞ്ഞും അറിയാതെയും ഉണ്ടാകുന്ന
നിരവധി പൂർവ്വസംസ്കാരങ്ങളുടെ ഏകീഭൂതമായ പരിണ
തശക്തി ഉച്ചാരണാവയവങ്ങളെ സുസൂക്ഷ്മമായ വിധ
ത്തിൽ ചലിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സമം
യോജിപ്പിക്കുന്നതിനും ഇടയാകുന്നതിനാൽ ഓരോരുത്ത
ന്റെയും ഉച്ചാരണത്തിന് അല്പാല്പം വ്യത്യാസം ഉണ്ടായി
ക്കൊണ്ടിരിക്കുന്നു. ആ വക വ്യത്യാസങ്ങളെ ശാസ്ത്രത്തിൽ
പരിഗണിക്കാൻ സാധിക്കുന്നതല്ല. എന്നാൽ പൊതുവായും
സുസമ്മതമായും ഒരു ഉച്ചാരണം അംഗീകരിക്കേണ്ടതായും
ഇരിക്കുന്നു. പരിഷ്കൃതവും സുശിക്ഷിതവും ആയ ഉച്ചാര
ണമാണ് മാതൃകയായി കരുതേണ്ടതും അനുകരിക്കേണ്ടതും.
നമുക്കു ഒരു ഉച്ചാരണശാസ്ത്രമോ (Orthoepy) ശബ്ദശാസ്ത്ര
മോ (Phonetics) ഉണ്ടായിട്ടില്ല. വേദോച്ചാരണത്തിനു സ
ഹായകമായി ശിക്ഷാ എന്ന വേദാംഗവും അതിൽ പ്രവ
ർത്തിച്ചവരായി ശാകടായനൻ മുതലായ മഹർഷിമാരും ഉ
ണ്ടായിട്ടുണ്ട്. എന്നാൽ നാട്ടുഭാഷകളിൽ ഉച്ചാരണം അവ്യ
വസ്ഥിതമായിത്തന്നെ ഇരിക്കുന്നു. നമ്മുടേതു സ്വരവദ്ഭാ
ഷയല്ല; എങ്കിലും മലയാളികൾ താരതമ്യേന ഉച്ചാരണ
ശുദ്ധി കൂട്ടും. ഏതു ഭാഷയിലെ ഏതുച്ചാരണവും
എത്ര സൂക്ഷ്മമായ വ്യത്യാസത്തോടുകൂടിയും അ
യാൾക്കു പുറപ്പെടുവിക്കാൻ കഴിയും. ‘പഴം’ എന്നതിനെ
‘പളം’ ആക്കിയാലേ തമിഴനു വശപ്പെടൂ. കാഞ്ചനശൃംഗാ
എന്ന മനോഹരമായ പേര് ഇംഗ്ലീഷുകാരന്റെ വായിൽ

കിഞ്ചിഞ്ചിങ്ങ എന്നു വികൃതമായിത്തീരും. മലയാളിക്കു ഈ ബുദ്ധിമുട്ടില്ല; അയാളുടെ നാവിനു വഴങ്ങാത്ത ഉച്ചാരണമില്ല.

എന്നാൽ എഴുത്തും ഉച്ചാരണവും തമ്മിൽ പൊരുത്തമുണ്ടായിരിക്കേണ്ടതു ആവശ്യമാകുന്നു. ഫ്റഞ്ച്, ജർമ്മൻ മുതലായ പാശ്ചാത്യഭാഷകളിലെപ്പോലെ എഴുത്തും ഉച്ചാരണവും തമ്മിലുള്ള അന്തരം ഭാരതീയഭാഷകൾക്കൊന്നിനും ഇല്ല. എഴുതുന്നതുപോലെ ഉച്ചരിക്കയും ഉച്ചരിക്കുന്നതുപോലെ എഴുതുകയും ആകുന്നു നമ്മുടെ വഴി. അതിനാൽ നമുക്കു നിഘണ്ടുക്കളിൽ ഉച്ചാരണം കാണിക്കാൻ പ്രത്യേക ചിഹ്നങ്ങൾ കൊടുക്കേണ്ട ആവശ്യം നേരിടുന്നില്ല. എങ്കിലും അന്യഭാഷകളുടെ ഇടച്ചിൽനിമിത്തവും മററു പല കാരണങ്ങളാലും പുതിയ ഉച്ചാരണങ്ങൾ വന്നുകൂടിക്കൊണ്ടിരിക്കുന്നു എന്നുള്ളതു വിസ്മരിക്കാവുന്നതല്ല. അതിനൊപ്പം ലിപി ഉണ്ടാകുന്നുമില്ല; അതു് അച്ചടിയുടെ പ്രചാരത്താലും മററും കൂടുതൽ ഉറച്ചുവരുന്നേതയുള്ളു. പ്രകടവും അംഗീകൃതവുമായ ഓരോ ഉച്ചാരണത്തിനും പ്രത്യേകം ഓരോ ലിപിയുണ്ടായിരുന്നാൽ ഉച്ചാരണത്തിന്നു നിയതത്വവും ഐകരൂപ്യവും സിദ്ധിക്കും. അങ്ങനെ ഉണ്ടായിരിക്കെ നിമിത്തം നമുക്കു ഇതുവരെ ഉച്ചാരണസങ്കുലം സഹിക്കയും അക്ഷരവിഴ്ചയപ്പെടുകയും അധികം വേണ്ടിവന്നിട്ടില്ല. ഇംഗ്ലീഷുകാരന്റെ സ്ഥിതി നോക്കുക: 'a' എന്ന ഒരു ലിപി തന്നെ ഹ്രസ്വവും ദീർഘവുമായ അകാരത്തിനും അകാരത്തിന്റെ കണ്ഠതാലവ്യാദിനാനാ ഭേദങ്ങൾക്കും എകാരത്തിനും ഉപ

യോഗപ്പെടുത്തിവരുന്നു. 'i' എന്ന ലിപി ഇ, ഈ, ഐ; എന്ന മൂന്നുച്ചാരണങ്ങളേയും ചിലപ്പോൾ 'യ' കാരത്തെയും കുറിക്കുന്നു. സൂക്ഷ്മോച്ചാരണഗ്രഹണത്തിന്റെ പ്രയാസം നോക്കുക. ഇതിനെ പരിഹരിച്ച് ഉച്ചാരണത്തെ സൂക്ഷ്മമായി പ്രതിബിംബിക്കത്തക്കവണ്ണം ലിപിപരിഷ്കാരം വരുത്താൻ അമേരിക്കയിൽ തീവ്രയത്നങ്ങൾ നടക്കുന്നു. ജീവൽഭാഷകളിലെല്ലാം ഇപ്രകാരമുള്ള സമായോജനങ്ങൾ ചെയ്തുവരുന്നതായിക്കാണുന്നു. യാഥാസ്ഥിതികമായ തമിഴുപോലും ജ, ഹ, സ, ഷ, ക്ഷ, എന്ന അക്ഷരങ്ങൾ എടുത്തിരിക്കുന്നു. ഗ, ഡ, ദ, ബ, ശ, എന്നുള്ള അക്ഷരങ്ങൾക്ക് ആ ഭാഷയിൽ ലിപി ഏർപ്പെട്ടുകഴിഞ്ഞിട്ടില്ലെന്നേയുള്ളു; അവയും ഉച്ചാരണത്തിൽ കാണുന്നുണ്ട്. നമ്മുടെ ഭാഷയും ആവശ്യംതോന്നിയ പൂർവ്വകാലഘട്ടങ്ങളിൽ അന്യഭാഷകളിൽനിന്നു വർണ്ണങ്ങളെ വളരെ അധികം എടുത്തിട്ടുണ്ട്. ദ്രമിഡ സംഘാതാക്ഷരങ്ങളെക്കൊണ്ടു മാത്രം മതിയാകാതെ വന്നപ്പോൾ, ഋ, ഌ എന്ന സ്വരങ്ങളും അതിഖരമൃദുഘോഷോഷ്മാക്കളും ഹകാരവും അന്നു കൈക്കൊണ്ടതു നിമിത്തമല്ലേ സംസ്കൃതശബ്ദങ്ങൾ ശരിയായി ഉച്ചരിക്കാൻ സാധിച്ചതും സംസ്കൃതപദങ്ങൾ സുലഭമായിട്ടെടുത്തു ഭാഷയ്ക്കു അഭിവൃദ്ധിപ്പെടുവാൻ ഇടയായതും ?

മേൽപറഞ്ഞ കാരണങ്ങളാൽ, വേണ്ടിവന്നാൽ നൂതനവർണ്ണങ്ങളെ അംഗീകരിക്കേണ്ടതാണെന്നും നൂതനലിപികളെക്കൊണ്ടു അവയ്ക്കു ഉറപ്പുകൊടുക്കേണ്ടതാണെന്നും സിദ്ധിക്കുന്നു. നൂതനോച്ചാരണങ്ങളെ നമുക്കുള്ള ലിപി

കളെക്കൊണ്ടു പ്രകാശിപ്പിക്കാൻ യത്നിച്ചാൽ പലപ്പോഴും കുഴപ്പങ്ങൾക്കും തെററിദ്ധാരണകൾക്കും ഇടയാകും. നമ്മുടെ ലിപികളെക്കൊണ്ടു കഴിയുംവിധം പ്രകാശിപ്പിച്ചാൽ മതിയെന്നുവെച്ചാൽ ഉച്ചാരണങ്ങളെ വികലമാക്കേണ്ടിവരും; നാം പരിഹാസ്യരായിത്തീരുകയും ചെയ്യും. ആകയാൽ നൂതനോച്ചാരണങ്ങളെ നൂതനലിപികളെക്കൊണ്ടു തന്നെ കാണിക്കേണ്ടിയിരിക്കുന്നു. പരിചയിച്ച രീതിയിൽനിന്നു് ഉൽക്കടവും അഹിതകരവുമായ മാററങ്ങൾ വരുത്താതിരിക്കാൻ, കഴിയുന്നതും കുറച്ചു്, അത്യാവശ്യം വേണ്ട ചില വർണ്ണങ്ങളെക്കുറിച്ചുമാത്രമെ ഇവിടെ പ്രസ്താവിക്കുന്നുള്ളു.

J 640

(എ) സ്വരങ്ങളിൽ അകാരത്തിനു് ശുദ്ധമായ കണ്ഠ്യത്തിനു പുറമെ താലവ്യമെന്നും ഓഷ്ഠ്യമെന്നും രണ്ടു വകഭേദങ്ങൾ മുമ്പുതന്നെ ഉള്ളതും കേരളപാണിനീയത്തിൽ അംഗീകരിച്ചിട്ടുള്ളതുമാണു്. കായ്, വായ്, എന്നുള്ളവയിലെ അകാരം താലവ്യമാണു്. സന്ധിയിൽ അതിനു യകാരാഗമം വരികയും ചെയ്യുന്നു. 'തട' ധാതുവിനു് ഓഷ്ഠ്യമായിട്ടു 'തടവുന്നു' എന്നും താലവ്യമായിട്ടു 'തടയുന്നു' എന്നും രൂപങ്ങൾ സിദ്ധിക്കുന്നു. ഇവിടെ പ്രസ്താവിക്കുന്നതു താലവ്യമായ അകാരത്തെപ്പററിയാണു്. മാനേജർ, പാഡ്, ബാഗ്, ഹാററ്, ററാപ്പ് (manager. pad, bag. hat. tap) എന്നിത്യാദി പദങ്ങളിൽ കാണുന്ന അകാരം മാൻ, പാള എന്നിത്യാദികളിലെപ്പോലെ കണ്ഠം തുറന്നുച്ചരിക്കുന്നവയല്ലല്ലൊ. ഇതിനു് കായ്, വായ് എന്നിവയിൽ കാണുന്ന അകാരത്തിൽ

നിന്ന് സൂക്ഷ്മമായി നോക്കുമ്പോൾ അല്പം വ്യത്യാസമുണ്ടെങ്കിലും വ്യവഹാരസൗകര്യത്തിന്ന ആ വ്യത്യാസത്തെ ഗണിക്കാതെ താലവ്യാകാരമെന്ന സമാന്യമായിപ്പറയാം. എന്നാൽ ഇതിന്ന് cap, gas എന്നിത്യാദികളിൽ കാണുന്ന ആകാരത്തിൽനിന്ന വളരെ ഭേദമുള്ളതിനെ തള്ളിക്കളയാൻ നിവൃത്തിയുമില്ല. ഈ പദങ്ങളെ മലയാളത്തിൽ എഴുതുമ്പോൾ യകാരം ചേൎത്തു ക്യാപ്പ്, ഗ്യാസ് എന്നെഴുതിയാലേ ശരിയായ ഉച്ചാരണത്തോടു അടുത്തുവരു. മാനേജർ, പാഡ് മുതലായ പദങ്ങൾക്ക് അതു വേണ്ടതാനും. അവയെ മലയാളത്തിലേയ്ക്കു എടുത്തു സ്വന്തമാക്കുമ്പോൾ ഇംഗ്ലീഷു അറിയാൻ പാടില്ലാത്ത മലയാളികൾക്കു ഉച്ചാരണഭേദം മനസ്സിലാക്കാൻ ലിപിയിൽ അല്പം ഭേദം വരുത്തുന്നതുകൊള്ളാമെന്നു തോന്നുന്നു. അപ്രകാരമുള്ള താലവ്യമായ ആകാരത്തിന ɑ എന്നു ചേൎത്തു മɑനേജർ, പɑഡ് എന്നെല്ലാം എഴുതാം. പദാദിയിൽ വരുമ്പോൾ സാധാരണ അകാരത്തോടു ɑ എന്ന ദീർഘം ചേൎത്തു അɑമസൺ (Amazon) എന്നിങ്ങനെ എഴുതുകയും ചെയ്യാം.

ഹ്രസ്വമായ താലവ്യാകാരത്തിന ഒരു ലിപിയുടെ ആവശ്യം നേരിടുന്നതല്ല; ഇംഗ്ലീഷിൽ സ്വരിപ്പിച്ചുച്ചരിക്കുന്ന ഹ്രസ്വാകാരം മലയാളത്തിൽ ദീർഘമായി രൂപാന്തരപ്പെട്ടുപോകുന്നു, അല്ലാത്ത വളരെ ചുരുക്കം സ്ഥലത്തു ഹ്രസ്വമായി വരുന്നതിന്ന പ്രത്യേകം ലിപി കല്പിച്ചേ കഴിയൂ എന്നില്ല.

(൨) ഇതിനെക്കാറം കൂടുതൽ കൈകാര്യം ചെയ്യ ണ്ടിവരുന്ന മറെറാരു സ്വരമുണ്ടു്. അതു് ഓഷ്ഠ്യമായ ആകാരമാണോ എന്നു സംശയിക്കും; എന്നാൽ അതിന്നു് അധികം സാദൃശ്യം ഓകാരത്തിനോടാണു്. മലയാളത്തി ലെ ഓകാരം 'ഓല' 'ഓളം' 'കോലം' എന്നിത്യാദികളി ലെപ്പോലെ കണ്ഠ്യോഷ്ഠ്യമാണു്. 'കോപം' 'ഘോ ഷം' 'ചോരൻ എന്നിങ്ങനെ സംസ്കൃതത്തിൽനി ന്നെടുത്തിട്ടുള്ള പദങ്ങളിലും ഓകാരോച്ചാരണംഅതുതന്നെ. എന്നാൽ ഇംഗ്ലീഷിൽ നിന്നു എടുത്തു നിത്യമെന്നപോ ലെ ഉപയോഗിച്ചുവരുന്ന അസംഖ്യം പദങ്ങളിലെ ഓ കാരം ഇങ്ങനെയുള്ളതല്ല. കോളേജ്, കോളം, ഓണേഴ്സ് പ്രോവിൻസ്, (college. column. honours. province) എന്നിങ്ങനെയുള്ള സാമാന്യനാമങ്ങളും ജോൺ, ക്രോയ് ഡൺ (John. Croydon) എന്നിങ്ങനെയുള്ള സംജ്ഞാനാ മങ്ങളും ഇപ്പോറം അധികവും എഴുതിവരുന്നതു്, കാളേ ജ്ജ്, കാളം. ആണേഴ്സ്, പ്രാവിൻസ്, ജാൺ, ക്രായ് ഡൺ എന്നിങ്ങനെയെല്ലാമാണു്. കാള, ആണ, പ്രാവു്, ജാനു, ഗ്രാമം എന്നിവയിലെപ്പോലെ തുറന്ന ആകാരമല്ല അതു് എന്നു് സ്പഷ്ടമാണല്ലോ. കോലം, കോപം, ഇത്യാ ദികളിലെപ്പോലെ ശരിക്കുള്ള കണ്ഠ്യോഷ്ഠ്യവുമല്ല. രണ്ടി ന്നും മദ്ധ്യേ, കൂടുതൽ ഓഷ്ഠ്യമായ ആകാരമോ കൂടുതൽ കണ്ഠ്യമായ ഓകാരമോ എന്നു നിർണ്ണയിക്കാൻ നിവൃത്തി യില്ലാത്തവിധം ഒരു ഉച്ചാരണമാണു്. അതിനെ കാണി ക്കാൻ ვ എന്ന ലിപി കൊടുത്തു് കვളേജ്ജ, കვളം, പ്രვ വിൻസ്, ജვൺ എന്നിങ്ങനെയെല്ലാം എഴുതാം. പദാദി

യിൽ വരുന്നവയും ആകാരത്തോടു ചേർത്തു് ആൗദണഴ്സ് എന്നും എഴുതാം. law, lord, long, cloth, block എന്നിത്യാദികളിലുള്ള അല്പമായ ഉച്ചാരണവ്യത്യാസത്തെ വകവയ്ക്കാതെ സൗകര്യംനോക്കി അവയേയും ലൗ, ലൗർഡ്, ലൗങ്ങ്, ക്ലൗത്ത്, ബ്ലൗക്ക് എന്നിങ്ങനെതന്നെ എഴുതുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. Professor എന്നതിലെപ്പോലെ ഹ്രസ്വമായിപ്പറയേണ്ടിവരുന്നിടത്തു പ്രൗഫസർ എന്നും എഴുതാം.

(ബ) വ്യഞ്ജനങ്ങളിലും പുതിയതായി ഒരു വർണ്ണം കൂടെക്കൂടെ നാം ഉപയോഗിച്ചുവരുന്നു. Staff, Professor, Cuff, half, foolscap, എന്നിത്യാദി പദങ്ങളിലെ 'f' നും photo, phaeton, phone എന്നിത്യാദികളിലെ 'ph' നും rough, cough, എന്നിത്യാദിയിലെ 'gh' നും ഉള്ള ദന്തോഷ്ഠ്യമായ ഉച്ചാരണം കാണിക്കാൻ 'ഫ' എന്ന ലിപിയാണു് ഇപ്പോൾ ഉപയോഗിച്ചുവരുന്നതു്. ഇതു് ഓഷ്ഠ്യമായ അതിഖരത്തിനോടു സംവൃതചിഹ്നം ചേർത്തിട്ടുള്ളതാണെന്നു പറയണമെന്നില്ലല്ലോ. ഇംഗ്ലീഷിലെ 'f' ph, 'gh, എന്നിവയുടെ ഉച്ചാരണം കീഴ്ചുണ്ടു് മേൽവരിപ്പല്ലുകളോടു തൊട്ടുതൊടാതെ അടുപ്പിച്ചിട്ടു ഉച്ഛ്വസിക്കുമ്പോൾ ഉണ്ടാകുന്ന ഊഷ്മസ്പൃഷ്ടമാണു്. ഫ, എന്നതു സ്പർശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതുമാണല്ലോ. സ്ഥാനംകൊണ്ടും പ്രയത്നംകൊണ്ടുമുള്ള ഭേദത്തിനു പുറമെ എഴുതുന്നതിലും കുഴപ്പങ്ങൾ ഉണ്ടാകാറുണ്ടു്. കഫ്, റഫ്, എന്നിങ്ങനെയുള്ള പദങ്ങളുടെ അന്ത്യത്തിൽ ഉച്ചാരണവിശ്രാന്തിക്കു വേണ്ടി സംവൃത

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL



ചിഹ്നം ചേർക്കുമ്പോൾ ക്ഫ, റഫ, എന്നിങ്ങനെ സംവൃതചിഹ്നം ഇരട്ടിപ്പിടിച്ചത്തു എഴുതേണ്ടതായും വന്നുകൂടുന്നു. ഈ വക വിഷമങ്ങളെല്ലാം പരിഹരിച്ചു 'F, 'Ph, 'Gh, എന്നിവയുടെ ഉച്ചാരണം അംഗീകരിച്ചുറപ്പിക്കുന്നതിന് ഒരു പ്രത്യേക ലിപി വേണ്ടതാണെന്നു തോന്നുന്നു. അതിന് ലഥ എന്നിങ്ങനെ എഴുതാം.

Movies എന്നിത്യാദികളിൽ കാണുന്ന 'v, എന്നുനാദിയായ വകാരത്തിന്, ആ മാതിരിപദങ്ങൾ അധികം ഭാഷയിലേക്കു എടുക്കേണ്ട ആവശ്യം വരാത്തതിനാൽ പ്രത്യേക ചിഹ്നംകൂടാതെ കഴിക്കാം. Amazon മുതലായവയിലെ നാദിയായ സകാരത്തിന്റെ സ്ഥിതിയും ഇതു തന്നെ.

9600

(൮] വ്യഞ്ജനങ്ങളുടെ കൂട്ടത്തിൽ വർത്സ്യങ്ങൾ എന്നു ഒരു വർഗ്ഗത്തെക്കുറിച്ചു കേരളപാണിനീയത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അതിലെ ഖരത്തിനു ഇംഗ്ലീഷിലെ 't, എന്നതിന്റെ ഉച്ചാരണമാണെന്നും അതു ഒററയായി നില്ക്കുന്നില്ലെങ്കിലും 'എന്റെ, 'കുററം, എന്നിത്യാദിശബ്ദങ്ങളിൽ കൂട്ടുചേർന്നു കാണുന്നതിനാൽ ദ്രാവിഡത്തിനു സ്വന്തമായിട്ടുള്ളതാണെന്നും അതിനു വർഗ്ഗപ്രാമുഖ്യം നല്കാമെന്നുംമററും അതിൽ സമർത്ഥിച്ചിരിക്കുന്നു. ആ വർഗ്ഗത്തിലെ ഖരത്തിനും അനുനാസികത്തിനും ഓരോ ലിപിയും കൊടുത്തിട്ടുണ്ട്; എങ്കിലും അവ അധികമാരും ഉപയോഗിച്ചുവരുന്നില്ല. 't, യുടെ ഉച്ചാരണത്തെ കാണിക്കാൻ കൊടുത്തിരിക്കുന്ന ലിപി മലയാ

ളുഭാഷയുടെ ലിപിസാമാന്യത്തോടു ഇണങ്ങിച്ചേരാത്തതിനാലും കൈയെഴുത്തിൽ അസൗകര്യം വരുത്തുന്നതിനാലും കൈക്കൊള്ളാത്തതാണെന്നു സമാധാനിക്കാം. എന്നാൽ 'ഞ, എന്നതു സാധാരണമായി ഉപയോഗിക്കാതിരിക്കാൻ കാരണം കാണുന്നില്ല. ഈ രണ്ടക്ഷരങ്ങളും ഇന്നയിന്ന സ്ഥലത്തു വരുമെന്നു ചില വ്യവസ്ഥകളുണ്ടെന്നും അവ അറിഞ്ഞിരുന്നാൽ പ്രത്യേകം ലിപികൾ കൂടാതെതന്നെ ഉച്ചാരണം ശരിയായി മനസ്സിലാക്കാൻ കഴിയുമെന്നും പറഞ്ഞേയ്ക്കാം. സ്വതന്ത്രമായ ഭാഷാപദങ്ങളെ സംബന്ധിച്ചിടത്തോളം ഇതു ഏറെക്കുറെ ശരിയായിരുന്നേക്കാം. എന്നാൽ അന്യഭാഷകളിൽനിന്നു നേരിട്ടു പദങ്ങൾ എടുക്കേണ്ടിവരുമ്പോൾ ഇപ്പോൾ ഉപയോഗിച്ചുവരുന്ന 'റ' എന്ന ലിപി പല കുഴപ്പങ്ങൾക്കും കാരണമായിത്തീരുന്നു. 'വെററിനറി,' 'ക്യൂറേറർ' (Veterinarv Curator) എന്നിത്യാദിപദങ്ങളിൽ 'റ' യുടെ ഉച്ചാരണം അടുത്തടുത്തുള്ള മൂന്നു 'റ, ലിപികളിൽ ഏതുകൊണ്ടു സിദ്ധിക്കുന്നു എന്നു ഇംഗ്ലീഷു അറിയാത്ത മലയാളി സംശയിക്കുന്നു. എന്നുമാത്രമല്ല, Telescope, Telephone, Talkies, Train, Trustee എന്നിങ്ങനെ പദാദിയിൽ 't, വരുന്നു അസംഖ്യം പദങ്ങൾ, ചേർത്തു 'റെലസ്കോപ്പു', 'റെലഫോൺ', എന്നിങ്ങനെയെല്ലാം എഴുതിയാൽ 'റബ്ബർ, എന്നിത്യാദിയിലെ 'റ, ഉച്ചരിക്കുന്നതുപോലെ ഉച്ചരിക്കാൻ ഇടയുണ്ടു്. ആകയാൽ 't, എന്നതിന്റെ ഉച്ചാരണം കാണിക്കാൻ ഒരു ലിപി വേണ്ടിയിരിക്കുന്നു.

ഇതിന്റെ മൃദുരൂപമായ 'hand' എന്നിത്യാദികളിലെ

യുടെ ശബ്ദത്തിന് പ്രത്യേകം ഒരു ലിപി ആവശ്യമാണ്. ഷെഡ്, ഹെഡ്മാസ്റ്റർ, മെഡിറ്ററേനിയൻ എന്നിങ്ങനെ അനേകം പദങ്ങൾ 'd' യുടെ ഉച്ചാരണമുള്ളവയായി നാം ഭാഷയിലേക്കു എടുത്തുവരുന്നു. ആ ഉച്ചാരണം മലയാളത്തിലെ 'ഡ' കാരത്തിന്റേതിൽനിന്നു വ്യത്യസ്തവുമാണ്.

ആകയാൽ ആ വർഗ്ഗത്തിലെ ഖരം, മൃദു, എന്നിവയ്ക്കു, ഠ ഡ, എന്നുമുറയ്ക്കു ലിപികൾ കല്പിക്കാമെന്നു തോന്നുന്നു

ആകെക്കൂടെ അപ്പോൾ,

| | | | |
|---|---|---|---|
| താലവ്യമായ ആകാരത്തിനു ലിപി | | | ൟ |
| | ഉദാ: മൟനേജർ എന്നിത്യാദി | | |
| കണ്ഠ്യപ്രധാനമായ ഒ, കാരത്തിന് | | ,, | ൃ |
| | ഉദാ പ്രൃഫസർ. | | |
| ,, | ഓ | ,, | ൄ |
| | ഉദാ കൄളേജ് | ,, | |
| ദന്തോഷ്ഠ്യമായ | 'f' | ,, | ഫ |
| | ഉദാ ഫോട്ടോ | ,, | |
| വർത്സ്യമായ | 't' | ,, | ഠ |
| | ഉദാ ടെലസ്കോപ്പ് | | |
| ,, | 'd' | ,, | ഡ |
| | ഉദാ ഹെഡ്മാസ്റ്റർ. | | |

എന്നിങ്ങനെ ആറു പുതിയ ലിപികൾ വന്നുകൂടുന്നു. ഇവയെ കല്പിച്ചിട്ടുള്ളതു് ഇപ്പോൾ ഉള്ളവയ്ക്കു വലിയമാ

റാംവരുത്താതെയാണെന്നും മലയാളത്തിലെ ഇപ്പോഴത്തെ ലിപിദിയോട്ടു നിരന്നു • പോകത്തക്ക വിധത്തിലാണെന്നും കൈകയെഴുത്തിൽ ക്ലേശം ഏറ്റവും കുറഞ്ഞിരിക്കണമെന്നു ള്ള ഉദ്ദേശത്തോടുകൂടിയാണെന്നും പരീക്ഷിച്ചാൽ മനസ്സിലാകുന്നതാണു്. പുതുമകൊണ്ടു് തോന്നുന്ന വല്ലായ്മ പരിചയിക്കുമ്പോൾ നീങ്ങിപ്പോകുന്നതുമാണു്.

---

9600

SREE KRISHNA VILASOM GRANDHASALA
MALAYINKIL
TRIVANDRUM

3640

# ഭാഷാവികാസം

ഗ്രന്ഥകൎത്താ,

എൻ. കുഞ്ഞുരാമൻപിള്ള, എം. ഏ, ബി. എൽ.